₹2000 കോടി നിക്ഷേപവുമായി ദുബായിൽ ലുലുവിന്റെ മെഗാ മാൾ

ദുബായ് സിലിക്കൺ ഒയാസിസിൽ ഒരുക്കുന്ന മെഗാ മാളിനെക്കുറിച്ച് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി യു.എ.ഇ സിവിൽ ഏവിയേഷൻ പ്രസിഡന്റും എമിറേറ്റ്സ് എയർലൈൻസ് ചെയർമാനുമായ ഷെയ്ക് അഹമ്മദ് ബിൻ സയിദ് അൽമക്തൂമിനോട് വിശദീകരിക്കുന്നു.

ദുബായ്: രണ്ടായിരം കോടി രൂപയുടെ നിക്ഷേപവുമായി ലുലു ഗ്രൂപ്പ് ദുബായ് സിലിക്കൺ ഒയാസിസിൽ പുതിയ ഷോപ്പിംഗ് മാൾ ഒരുക്കുന്നു. യു.എ.ഇ സിവിൽ ഏവിയേഷൻ പ്രസിഡന്റും എമിറേറ്റ്സ് എയർലൈൻസ് ചെയർമാനുമായ ഷെയ്ക് അഹമ്മദ് ബിൻ സയിദ് അൽമക്തൂം ശിലാസ്ഥാപനം നിർവഹിച്ചു. ദുബായ് സിലിക്കൺ ഒയാസിസ് അതോറിറ്റിയുടെ കീഴിലുള്ള ഫ്രീസോൺ ടെക്നോളജി പാർക്കിന്റെ ചെയർമാൻ കൂടിയാണ് ഷെയ്ക് അഹമ്മദ് ബിൻ സയിദ് അൽമക്തൂം. ചടങ്ങിൽ വൈസ് ചെയർമാനും ചീഫ് എക്സിക്യൂട്ടീവുമായ ഡോ. മുഹമ്മദ് അൽ സറൂണി, ലുലു ഗ്രൂപ്പ് ചെയർമാൻ എ.എം. യൂസഫലി തുടങ്ങിയവർ സംബന്ധിച്ചു. 23 ലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ ഉയരുന്ന ഈ ഷോപ്പിംഗ് വിസ്മയം ദുബായിലെ പ്രധാന വാണിജ്യ - വിനോദ കേന്ദ്രമായി മാറുമെന്നാണ് വിലയിരുത്തൽ.

രാജ്യത്തെ ഭരണാധികാരികളുടെ ദീർഘവീക്ഷണവും നേതൃപാടവവുമാണ് വെറും മരുഭൂമിയായിരുന്ന ഇവിടം വളർച്ചയുടെ പടവുകൾ പിന്നിടാൻ കാരണമെന്ന് ഷെയ്ക് അഹമ്മദ് ബിൻ സയിദ് അൽമക്തൂം പറഞ്ഞു. ചെറുതും വലുതുമായ ഒട്ടേറെ സ്ഥാപനങ്ങൾ യു.എ.ഇയുടെ വളർച്ചയ്ക്ക് മികച്ച പങ്കുവഹിക്കുന്നുണ്ട്. കോർപ്പറേറ്റ് സ്ഥാപനങ്ങളോടൊപ്പം നൂതനമായ ഭാവിയെ മുൻനിറുത്തിയുള്ള പദ്ധതികൾ നടപ്പാക്കി പ്രവർത്തിക്കുന്നവരെയും ദുബായ് സിലിക്കൺ ഒയാസിസ് സ്വാഗതം ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു.

യു.എ.ഇയുടെ വിജയക്കുതിപ്പിൽ പങ്കാളിയാകാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്ന് എം.എ. യൂസഫലി പറഞ്ഞു. ദുബായ് എക്സ്പോ 2020ന്റെ ഭാഗമായി നിർമ്മിക്കുന്ന പുതിയ മാൾ, ആ വർഷം ആദ്യ പാദത്തിൽ തന്നെ പ്രവർത്തനസജ്ജമാകും. 2020 ഒക്ടോബറിലാണ് ദുബായ് എക്സ്പോ ആരംഭിക്കുന്നത്. രണ്ടു ലക്ഷം ചതുരശ്രയടിയിൽ സജ്ജീകരിക്കുന്ന ലുലു ഹൈപ്പർമാർക്കറ്റും ഡിപ്പാർട്ട്മെന്റ് സ്റ്റോറും മാളിന്റെ ആകർഷണങ്ങളാണ്. മുന്നൂറിലേറെ റീട്ടെയിൽ സ്റ്റോറുകൾ, 70000 ചതുരശ്രയടിയിൽ വിനോദ കേന്ദ്രങ്ങൾ, 12 സിനിമ സ്ക്രീനുകൾ, 50ലേറെ ഭക്ഷണശാലകൾ എന്നിവയിലും മാളിലുണ്ടാകും. 3000 കാറുകൾക്കായുള്ള അത്യാധുനിക പാർക്കിംഗ് ഏരിയയും മികവാണ്. രാജ്യാന്തര നിലവാരത്തിൽ, പൂർണമായും പ്രകൃതി സൗഹാർദ്ദാന്തരീക്ഷത്തിലാണ് മാൾ നിർമ്മിക്കുന്നത്. പ്രകൃതിയിൽ നിന്നുള്ള വെളിച്ചം അകത്തേക്ക് കടക്കുന്ന രീതിയിലാണ് സ്കൈ ലൈറ്റ് കോറീഡോറുകൾ ഒരുക്കുന്നത്. ദുബായ് എക്സ്പോ സൈറ്റിലേക്കും അൽമക്തൂം വിമാനത്താവളത്തിലേക്കും എളുപ്പത്തിൽ എത്തിച്ചേരാവുന്ന ഇടംകൂടിയാണ് സിലിക്കൺ ഒയാസിസ്.

മാരുതി സുസുക്കിയുടെ എക്സ്ക്ലുസീവ് ഷോറൂം

സൗത്ത് പാർക്ക് മോട്ടോഴ്സ് അനന്തപുരിയിൽ പ്രവർത്തനം ആരംഭിച്ചു

തിരുവനന്തപുരം: മാരുതി സുസുക്കിയുടെ പുതിയ ഡീലർ സൗത്ത് പാർക്ക് മാരുതി തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചു. സെയിൽസും സർവീസും സ്പെയറുകളും ആദ്യമായി ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന, കേരളത്തിലെ അത്യാധുനിക എക്സ്ക്ലൂസീവ് ഷോറൂമാണ് തിരുവനന്തപുരം ചാക്കയിൽ പ്രവർത്തനം തുടങ്ങിയത്.

മാരുതി സുസുക്കി ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർമാരായ ടി. ഹാഷിമോട്ടോ, ആർ.എസ്. കൽസി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് തരുൺ ഗർഗ്, റാം സുരേഷ് അകേല എന്നിവർ ചേർന്ന് ഷോറൂം ഉദ്ഘാടനം ചെയ്തു. സൗത്ത് പാർക്ക് മോട്ടോർ മാനേജിംഗ് ഡയറക്ടർ ജി. മോഹൻദാസ്, റാണി മോഹൻദാസ്, ഡയറക്ടർമാരായ കൃഷ്ണമോഹൻ, വിഷ്ണു മോഹൻ, ഡോ. ശങ്കർ മോഹൻ, സി.ഒ.ഒ രാജ്മോഹൻ കുറുപ്പ് തുടങ്ങിയവർ സംബന്ധിച്ചു.

മാരുതി സുസുക്കിയുടെ പുതിയ ഡീലറായ സൗത്ത് പാർക്കിന്റെ തിരുവനന്തപുരം ചാക്കയിലെ ഷോറൂം മാരുതി സുസുക്കി ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർമാരായ ടി. ഹാഷിമോട്ടോ, ആർ.എസ്. കൽസി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് തരുൺ ഗർഗ്, റാംസുരേഷ് അകേല എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു. സൗത്ത് പാർക്ക് മോട്ടോർ മാനേജിംഗ് ഡയറക്ടർ ജി. മോഹൻദാസ്, റാണി മോഹൻദാസ്, ഡയറക്ടർ കൃഷ്ണമോഹൻ തുടങ്ങിയവർ സമീപം.

ഫിഗോ, ആസ്പയർ സ്പോർട്സ് എഡിഷനുകളുമായി ഫോഡ്

കൊച്ചി: ഫോഡിന്റെ ഹാച്ച്ബാക്ക് മോഡലായ ഫിഗോ, കോംപാക്റ്റ് സെഡാനായ ആസ്പയർ എന്നിവയുടെ സ്പോർട്സ് എഡിഷനുകൾ വിപണിയിലെത്തി. കൊച്ചിയിൽ നടന്ന ചടങ്ങിൽ ഫോഡ് ഇന്ത്യ കസ്റ്റമർ സർവീസ് വൈസ് പ്രസിഡന്റ് എൻ. പ്രഭു പുതിയ മോഡലുകൾ വിപണിയിലിറക്കി. ഡ്യുവൽ ടോൺ കളറും ആകർഷക ഗ്രാഫിക്സും ഒന്നിക്കുന്ന എക്സ്റ്റീരിയറിന് വലിപ്പമേറിയ 15 - ഇഞ്ച് അലോയ് വീലുകൾ, ബോൾഡ് ഗ്രിൽ, വ്യത്യസ്തമായ ഹെഡ്‌ലാമ്പ് എന്നിവ മികച്ച സ്പോർട്ടീ ലുക്ക് സമ്മാനിക്കുന്നുണ്ട്.

ഫുൾ ബ്ലാക്ക് തീം നിറയുന്ന അകത്തളം ഏറെ വിശാലമാണ്. 20 ഓളം സ്റ്റോറേജ് സ്പേസുകൾ, ഓട്ടോമാറ്റിക് ക്ലൈമറ്റ് കൺട്രോൾ, സുരക്ഷയ്ക്കായി ഡ്യുവൽ എയർബാഗുകൾ, എ.ബി.എസ്., ഇ.ബി.ഡി., ഇ.പി.എ.എസ് എന്നിവയും മികവുകളാണ്. ഫിഗോ സ്പോർട്സ് എഡിഷൻ ഡീസൽ വേരിയന്റിന് 7.35 ലക്ഷം രൂപയും പെട്രോൾ വേരിയന്റിന് 6.43 ലക്ഷം രൂപയുമാണ് കൊച്ചി എക്സ്ഷോറൂം വില. ആസ്പയർ സ്പോർട്സ് എഡിഷൻ പെട്രോൾ വേരിയന്റിനു വില 6.63 ലക്ഷം രൂപയും ഡീസൽ മോഡലിനു വില 7.74 ലക്ഷം രൂപയുമാണ്. പെട്രോൾ എൻജിൻ ലിറ്ററിന് 18.12 കിലോമീറ്ററും ഡീസൽ എൻജിൻ 24.29 കിലോമീറ്ററും മൈലേജ് നൽകും.

കാഞ്ചീപുരത്തിൽ ആദ്യമായി ബനാറസി ഡിസൈനുമായി ശീമാട്ടി

കൊച്ചി: കാഞ്ചീപുരത്തിൽ ആദ്യമായി ബനാറസി വീവ് ഉള്ള കാഞ്ചി - ബനാറസി ബ്രൈഡൽ വൈവിദ്ധ്യം ശീമാട്ടി അവതരിപ്പിച്ചു. കാഞ്ചി - ബനാറസി ബ്രൊക്കേഡ്സ്, ടിഷ്യൂ സാരികൾ, സിൽവർ ഡിസൈൻസ്, സിൽവർ ടച്ച് വിത്തൗട്ട് ബോർഡർ സാരി, ത്രഡ് വർക്ക് സാരി, വിത്തൗട്ട് ബോർഡർ വിത്ത് കോൺട്രാസ്റ്റ് പല്ലവ് ബ്ലൗസ്, കാഞ്ചീപുരം വീവിംഗ് പ്ലേസ്മെന്റ് സാരി, ഗോൾഡ് ആൻഡ് സിൽവർ ജറി ബ്രൊക്കേഡ്സ്, ടെക്സ്ചേർഡ് ജറി ബ്രൊക്കേഡ്സ്, റോ സിൽക്കിൽ കട്ട് വർക്ക്/ പേൾ വർക്ക് വിത്ത് നെറ്റ് ബ്ലൗസ് എന്നിവയിലുള്ള അതിവിപുലമായ നിരയാണിത്.

ബീന കണ്ണൻ അവതരിപ്പിച്ച ഈ പുതിയ വിവാഹസാരി കളക്ഷൻ സീസണിലെ ട്രെൻഡായി മാറിയിട്ടുണ്ട്. വിവാഹം, വിവാഹ സംബന്ധ വേളകൾ എന്നിവയ്ക്കിണങ്ങിയ കളക്ഷനാണിത്. ബവാൻജി പ്ലെയിൻ ബോർഡറുകളുള്ള റെഗുലർ സാരികളിൽ നിന്ന് വ്യത്യസ്തമായി, പരമ്പരാഗത എത്നിക് - ആന്റിക് ജറികളിലുള്ള കാഞ്ചി - ബനാറസി കളക്ഷനാണിത്. സിൽവർ ടച്ചാണ് ഇവയുടെ മറ്റൊരു മികവ്. കാഷ്വൽ വേളകൾക്കായുള്ള ബോർഡറില്ലാത്ത സാരികളും ശ്രേണിയിലുണ്ട്.

ഗോൾഡ്, പിങ്ക്, ഓറഞ്ച്, മറൂൺ, ബ്രൗൺ, മഞ്ഞ, വെള്ള, ക്രീം തുടങ്ങിയ നിറക്കൂട്ടുകളിലും കാഞ്ചി - ബനാറസി കളക്ഷൻ ലഭിക്കും. ഓരോ സാരിയും വ്യത്യസ്തവും സോഫ്റ്റും ലൈറ്റുമാണ്. ലക്ഷ്വറി ബ്രൈഡൽ സാരികളായും സെക്കൻഡ് സാരിയായും പാർട്ടി വെയറായും ഇവ അണിയാം. ഏത് ബഡ്ജറ്റിലും ഏറ്റവും ട്രെൻഡി വെഡിംഗ് വെയർ എന്ന ആശയവും ശീമാട്ടി ഈ കളക്ഷനിൽ നിലനിറുത്തിയിട്ടുണ്ട്. ആറായിരം രൂപ മുതൽ പതിനായിരം രൂപവരെ വിലയിൽ വ്യത്യസ്ത ഫാബ്രിക്കിലും ഡിസൈനിലും പാറ്റേണിലുമുള്ള പാർട്ടി വെയർ, ഫംഗ്ഷൻ വെയർ സാരികൾ ശ്രേണിയിൽ ലഭിക്കും. ഏത് ആഘോഷമായാലും വസ്ത്ര സങ്കല്പങ്ങളിൽ വലിയ മാറ്റങ്ങളാണ് വന്നിരിക്കുന്നതെന്നും വധുവിനായാലും ബ്രൈഡ്സ് മെയ്ഡ്സ്, ഫ്ലവർ ഗേൾസ് തുടങ്ങിയവർക്കും വ്യത്യസ്തരായി ഇരിക്കാനാണ് ഇഷ്ടമെന്നും ബീന കണ്ണൻ പറഞ്ഞു. വിവാഹത്തിനും ഓരോ വേളകൾക്കും മാറ്റം കൊണ്ടുവരാൻ ഏവരും ആഗ്രഹിക്കുന്നു. ഈ ദൗത്യമാണ് ബ്രൈഡൽ കളക്ഷനിൽ ഇത്രയേറെ വ്യത്യസ്തത അവതരിപ്പിക്കാൻ ശീമാട്ടിക്ക് പ്രേരണയാകുന്നതെന്നും ബീന കണ്ണൻ പറഞ്ഞു. 900 രൂപ മുതൽ 1.25 ലക്ഷം രൂപ വരെ വിലയിൽ ഏറ്റവും ഫാഷനബിൾ സാരികളും ശീമാട്ടിയിൽ ലഭ്യമാണ്.

കമ്പോളനിലവാരം

കൊച്ചി	
വെളിച്ചെണ്ണ മില്ലിംഗ്	13,400
വെളിച്ചെണ്ണ	12,800
കൊപ്ര	8630-8800
പിണ്ണാക്ക് എക്സ്പെല്ലർ	2300
പിണ്ണാക്ക് റോട്ടറി	2700
കുരുമുളക്	
ചേറ്റാത്തത്	57,800
പുതിയത്	56,300
കുരുമുളക് ചേറ്റിയത്	60,800
ചുക്ക് മീഡിയം	12,000
ചുക്ക് ബെസ്റ്റ്	13,000
മഞ്ഞൾ	11,500
സേലം-ഈറോഡ്	8800-9200
കാഞ്ഞിരക്കുരു	1850
അടയ്ക്ക	
പുതിയത്	20,000-21,000
അടയ്ക്ക പഴയത്	ഇല്ല
പഞ്ചസാര	4260
വറ്റൽമുളക്	6500-14,500
ഉഴുന്ന്	8800-9500
ചെറുപയർ	6700-7400
കടല	6,500-7,500
എള്ള്	15,000
മല്ലി	7000-14,000
പച്ചരി	2100-2280
പുഴുക്കലരി(ജയ)	4200
ജാതിക്കതൊണ്ടൻ	200-275
തൊണ്ടില്ലാത്തത്	400-520
ജാതിപത്രി	500-650
ഗ്രാമ്പു	700
പാംഓയിൽ	5680
പൈനാപ്പിൾ	
പച്ച	27.00
പച്ച (സ്പെഷ്യൽ)	28.00
പഴം	28.00
റബർ	
ആർഎസ്എസ്4	13,800
ആർഎസ്എസ്-5	13,000-13,500
ഒട്ടുപാൽ	9000
ലാറ്റക്സ്	9500
ആലപ്പുഴ	
വെളിച്ചെണ്ണ	13,400
പിണ്ണാക്ക്	2400
കൊപ്ര	8750
,,	8800,
,,	8850
കോട്ടയം	
വ്യാപാരി വില	
ആർ.എസ്.എസ്4	13600
ആർ.എസ്.എസ്5	13300
തരംതിരിക്കാത്തത്	12000
ഒട്ടുപാൽ	8000
റബർ ബോർഡ്	
ആർ.എസ്.എസ്4	13900
ആർ.എസ്.എസ്5	13600
തരംതിരിക്കാത്തത്	12000
ഒട്ടുപാൽ	9405
ബാങ്കോക്ക്	
ആർ.എസ്.എസ്1	14251
ആർ.എസ്.എസ്2	14138
ആർ.എസ്.എസ്3	14035
ആർ.എസ്.എസ്4	13978
ആർ.എസ്.എസ്5	13894
കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില)	
എസ്. എം .ആർ 20	9817(152.10)
60% ലാറ്റക്സ്-	9154(141.85)
വെളിച്ചെണ്ണ	14700
കൊപ്ര	9200
ശർക്കര (മറയൂർ)	7000
ശർക്കര (പാണ്ടി)	5700
തൃശ്ശൂർ മാർക്കറ്റ്	
വെളിച്ചെണ്ണ	12900
തേങ്ങാപിണ്ണാക്ക്	2250
കൊപ്ര	8750
കടലെണ്ണ	2350
നല്ലെണ്ണ	2150
എള്ളിൻപിണ്ണാക്ക്	3250
കൊക്കാലെ	
പുതിയത്	4000-4600
പഴയത്	4000-4750
രണ്ടാംതരം	1000-2000
അടയ്ക്കപഴഞ്ഞി	
പുതിയത്	4400-4800
പഴയത്	4500-4900
രണ്ടാംതരം	2300-3200
അമല	
പുതിയത്	4300-4900
പഴയത്	4500-5000
രണ്ടാംതരം	2500-3200
കേച്ചേരി	
പുതിയത്	4400-4860
പഴയത്	4500-5110
നെടുമങ്ങാട്	
കുരുമുളക്	540(കിലോ)
കൊട്ടപ്പാക്ക്	200(,,)
റബ്ബർ	128(,,)
ഒട്ടുപാൽ	82(,,)
ജാതിക്ക	150(,,)
ജാതിപരിപ്പ്	350(,,)
ജാതിപത്രി	600(,,)
കാപ്പിപരിപ്പ്	100(,,)
ഗ്രാമ്പു	500(,,)
കൊക്കോ	12(,,)
തേങ്ങ	33(,,)
കശുവണ്ടി	110(,,)
തങ്കം	
തിരുവനന്തപുരം	29350
ആലപ്പുഴ	29350
സ്വർണം	
കൊച്ചി(8ഗ്രാം)	22,320
ഒരുഗ്രാം	2790
വെള്ളി	
തിരുവനന്തപുരം	46000
കൊച്ചി	46000

4ജി ഡൗൺലോഡ് സ്പീഡിൽ ജിയോ മുന്നിൽ

ന്യൂഡൽഹി: മാർച്ചിൽ നടന്ന 4ജി ഡൗൺലോഡ് വേഗ പരിശോധനയിൽ മാർക്കറ്റ് ലീഡർമാരായ എയർടെലിനെയും ഐഡിയയെയും പിന്നിലാക്കാൻ റിലയൻസ് ജിയോയ്ക്ക് കഴിഞ്ഞുവെന്ന് ട്രായിയുടെ റിപ്പോർട്ട്. ജിയോയുടെ ശരാശരി ഡൗൺലോഡ് വേഗം സെക്കൻഡിൽ 16.48 എം.ബിയാണ്. ഐഡിയയ്ക്ക് ഇത് 8.33 എം.ബിയും ഭാരതി എയർടെലിന് 7.66 എം.ബിയുമായിരുന്നു എന്ന് ട്രായ് വ്യക്തമാക്കി. ഉപഭോക്താവിന് ഒരു ബോളിവുഡ് സിനിമ അഞ്ച് മിനിറ്റിനകം ഡൗൺലോഡ് ചെയ്യാൻ സെക്കൻഡിൽ 16 എം.ബി വേഗത മതിയാകും. സെക്കൻഡിൽ 5.66 എം.ബിയായിരുന്നു വൊഡാഫോണിന്റെ വേഗം. ബി.എസ്.എൻ.എൽ രേഖപ്പെടുത്തിയ ശരാശരി വേഗം സെക്കൻഡിൽ 2.66 എം.ബി.

നിംസിൽ ഏകദിന സൂപ്പർ സ്പെഷ്യാലിറ്റി സർജറി ക്യാമ്പ്

തിരുവനന്തപുരം: പ്രമുഖ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായ നിംസ് മെഡിസിറ്റിയിൽ ഏകദിന സൂപ്പർ സ്പെഷ്യാലിറ്റി സർജറി ക്യാമ്പ് സംഘടിപ്പിച്ചു. ഇന്നലെ രാവിലെ ഒമ്പതു മുതൽ ഉച്ചയ്ക്ക് ഒന്നുവരെ നടന്ന ക്യാമ്പിൽ 200ലേറെപ്പേർ പങ്കെടുത്തു. പ്രമുഖ സർജറി ഡോക്ടർമാരായ ഡോ. സജ്ജൻ മാത്യു (ഉദര - ആമാശയ - കുടൽ കാൻസർ നിർണയ വിഭാഗം), ഡോ. മഹാദേവൻ (ഹൃദയ ശസ്ത്രക്രിയ വിഭാഗം), ഡോ. അഷർ എന്നിസ് (കീഹോൾ ലംഗ്സ് സർജറി വിഭാഗം), ഡോ. ജെ. ഇന്ദിര അമ്മ (ജനറൽ സർജറി), ഡോ. അനിൽകുമാർ (ജനറൽ സർജറി), ഡോ. നിരഞ്ജൻ (അസ്ഥിരോഗ വിഭാഗം), ഡോ. കാഞ്ചന (നേത്ര രോഗവിഭാഗം), ഡോ. ആർ. നിത്യ (മൂത്രാശയ രോഗ വിഭാഗം) എന്നിവർ നേതൃത്വം നൽകി. ക്യാമ്പിൽ പങ്കെടുത്ത രോഗികൾക്ക് ചികിത്സാ ആനുകൂല്യവും നൽകി.

നിംസ് മെഡിസിറ്റിയിൽ നടന്ന ഏകദിന സൂപ്പർ സ്പെഷ്യാലിറ്റി സർജറി ക്യാമ്പ് പ്രമുഖ സർജറി ഡോക്ടർമാരായ ഡോ. സജ്ജൻ മാത്യു, ഡോ. മഹാദേവൻ, ഡോ. അഷർ എന്നിസ്, ഡോ. ജെ. ഇന്ദിര അമ്മ, ഡോ. അനിൽകുമാർ, ഡോ. നിരഞ്ജൻ, ഡോ. കാഞ്ചന, ഡോ. ആർ. നിത്യ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു.

ശാസ്ത്രകൗമുദി

മിറോ വരും കൂട്ടുകൂടാൻ



പ്രായമായവർ വീട്ടിൽ ഒറ്റപ്പെട്ടുപോകുന്ന ഇന്ന് വീട്ടിലെ നായക്കുട്ടിക്ക് വരെ വളരെ വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ഈ നായക്കുട്ടിയെ ആര് 'കെയർ' ചെയ്യും. അതിനും പരിഹാരമായാണ് പുതിയ റോബോട്ട് നായക്കുട്ടികളുടെ വരവ്. ഡബ്ബ്ട് മിറോ എന്ന് പേരിട്ടിരിക്കുന്ന ഈ നായക്കുട്ടികൾക്ക് മനുഷ്യനുമായി അടുത്തിടപഴകാനും മനുഷ്യന്റെ ഉറ്റതോഴനായിരിക്കാനും നല്ല കഴിവാണെന്നാണ് ഇത് രൂപകല്പന ചെയ്തവരുടെ അവകാശവാദം.

മിമെറ്റിക് റോബോട്ട് എന്നതിന്റെ ചുരുക്കരൂപമാണ് മിറോ എന്നത്. ഷഫീൽഡ് യൂണിവേഴ്സിറ്റിയിലെ ഒരു സംഘം ഗവേഷകരാണ് മിറോയ്ക്കു പിന്നിൽ പ്രവർത്തിച്ചിരിക്കുന്നത്. ജൈവ സവിശേഷതകളുള്ള ലോകത്തിലെ തന്നെ ആദ്യ റോബോട്ട് നായക്കുട്ടിയാണ് മിറോ.

കണ്ണുകളുടെ സ്ഥാനത്ത് സ്റ്റീരിയോ കാമറകളുള്ള മിറോയ്ക്ക് ആളുകളുടെ ചലനങ്ങളും സാന്നിദ്ധ്യവും പ്രത്യേകം തിരിച്ചറിയാനും കഴിയും.

കൗമുദി ടിവി

6.00 ഡിവോഷണൽ സോംഗ്സ്
6.26 am, pm ദൈവദശകം
6.30 ദേവാമൃതം
7.30 പ്രണവം
8.30 ന്യൂസ്ട്രാക്ക്
9.00 ഗസ്റ്റ് ടൈം
10.30 സ്വയംവരം
11.00 സാൾട്ട് ആൻഡ് പെപ്പർ
11.35 ഹാസ്യരസം
12.35 താരപ്പകിട്ട്
1.35 ഡ്രീം ഡ്രൈവ്
2.35 ലേഡീസ് അവർ
4.30 സ്ട്രെയ്റ്റ് ലൈൻ
5.35 സീക്രട്ട് ഫയൽസ്

OH MY GOD
SUNDAY
7:35PM

ഡിഡി മലയാളം
7.00 കൃഷിദർശൻ
8.00 മേഘരാഗം

ഡിഡി കേരളം
11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

ഏഷ്യാനെറ്റ്
6.00 സീതായനം
6.30 പ്രണയം
7.00 വാനമ്പാടി
7.30 കറുത്ത മുത്ത്

ന്യൂസ്
7.00 വാർത്താ പ്രഭാതം
8.30 ചുറ്റുവട്ടം
9.30 അകലങ്ങളിലെ ഇന്ത്യ
2.30 ഡോ. ലൈവ്

ഏഷ്യാനെറ്റ് പ്ലസ്
6.30 സംഗതി കോൺടെ
9.00 ഫൈവ് സ്റ്റാർ തട്ടുകട
9.30 ചിരിക്കും തളിക
10.00 മൗനം സമ്മതം
5.00 ചിരിക്കും തളിക

HBO
09:13am Due Date
10:48 Batman v Superman: Dawn of Justice
01:22 Kung Fu Panda
03:11 Mission: Impossible - Rogue Nation
05:34 Transformers
08:00 The Dark Knight Rises
11:19 Step Up 2: The Streets

STAR MOVIES
09:15am The Jungle Book
10:57 The Comebacks
12:30 New Police Story
03:00 Fantastic Four
05:30 District B13
07:00 Resident Evil: Apocalypse
09:00 The Avengers

ANIMAL PLANET
09:00am Reptile Kingdom
10:00 Jungle Talkies
12:00 Elephant Encounters
01:00 Gangland Killers
02:00 Reptile Kingdom
03:00 Animal Attack
04:00 Jungle Safari
05:00 The Pack
05:30 Natural Born Hunters
06:00 Gangland Killers
07:00 Animal Strategies
08:00 Animal Attack
09:00 Wild Frank In India
10:00 Reptile Kingdom

SONY PIX
9.26 breaking the magicians code
10.27 the lion ranger
1.41 ghost rider
6.02 the fast and furious 3
8.23 crank
11.00 vertical limit

സിനിമ

ഏഷ്യാനെറ്റ്: 9.00 ക്രേസി ഗോപാലൻ
ഏഷ്യാനെറ്റ് മൂവീസ്: 7.00 ബട്ടർഫ്ലൈസ് 10.00 കോട്ടയം കുഞ്ഞച്ചൻ 1.00 സർവകലാശാല 4.00 താന്തോന്നി 7.00 ജമ്നാപ്യാരി 10.00 മിമിക്സ് പരേഡ്
ഏഷ്യാനെറ്റ് പ്ലസ്: 12.00 റാംജിറാവു സ്പീക്കിംഗ്
ഏഷ്യാനെറ്റ് HD: 9.00 ക്രേസി ഗോപാലൻ
കൈരളി: 9.00 വർഷം 1.15 ഇമ്മാനുവേൽ
വി: 12.30 റിയൽ ലവ് 9.00 ഗോളാന്തരവാർത്ത
സൂര്യ: 10.30 പകിട 12.30 പ്രാഞ്ചിയേട്ടൻ ആൻഡ് ദി സെയിന്റ്
എസിവി: 9.00 പ്രണയജീവിതം 2.00 പൂവിന് പുതിയ പൂന്തെന്നൽ 9.30 ധിംതരികിട ധോം
ജുക്ക്ബോക്സ്: 6.30 നായകൻ
റോസ്ബൗൾ: 10.00pm എലിയൻ വേഴ്സസ് പ്രിഡേറ്റർ

നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2017 ഏപ്രിൽ 21 വെള്ളി)

മേടം : *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*

സൽകീർത്തി ഉണ്ടാകും. കുടുംബാംഗങ്ങളുമായി യാത്ര. ജോലിയിൽ പ്രൊമോഷൻ.

ഇടവം: *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*

കർമ്മമേഖലയിൽ വിജയം. അംഗീകാരം ലഭിക്കും. നിരീക്ഷണങ്ങൾ പിഴയ്ക്കും.

മിഥുനം : *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*

ദേവാലയ ദർശനം. ഔദ്യോഗിക യാത്ര വേണ്ടിവരും. ഉപരി പഠനത്തിന് അവസരം.

കർക്കടകം : *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*

പുതിയ അവസരങ്ങൾ. ആരോഗ്യപരമായി മോശം. വീടുമാറ്റത്തിന് സാദ്ധ്യത.

ചിങ്ങം : *(മകം, പൂരം, ഉത്രം കാൽ ഭാഗം)*

വഞ്ചനയിൽപ്പെടാതെ സൂക്ഷിക്കുക. പരീക്ഷകളിൽ വിജയം. ആഗ്രഹങ്ങൾ നടക്കും.

കന്നി : *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*

ഇന്റർവ്യൂവിൽ വിജയം. നിർണായക തീരുമാനമുണ്ടാകും. കടം വാങ്ങാൻ ഇടവരും.

തുലാം : *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*

ജനസ്വാധീനം വർദ്ധിക്കും. കുതന്ത്രങ്ങളെ നേരിടും. പിതാവിന് നല്ലതല്ല.

വൃശ്ചികം : *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*

പുതിയ പദ്ധതികൾ തുടങ്ങും. രോഗങ്ങൾ അലട്ടും. സംയുക്ത സംരംഭങ്ങളിൽ പങ്കുചേരും.

ധനു: (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)

സാഹചര്യങ്ങളെ നേരിടും. വിദഗ്ദ്ധ ചികിത്സ വേണ്ടിവരും. സാമ്പത്തികലാഭം.

മകരം: *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*

പദ്ധതികളിൽ വിജയം. പുണ്യപ്രവൃത്തികൾ ചെയ്യും. പ്രശ്നങ്ങളെ നേരിടും.

കുംഭം: *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*

വിനോദയാത്ര ചെയ്യും. മറ്റുള്ളവരുടെ അഭിപ്രായം കേൾക്കും. തീരുമാനം അനുകൂലമാകും.

മീനം: *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).*

പ്രവർത്തനമേഖല വിപുലപ്പെടും. സ്വന്തം കാര്യങ്ങളിൽ അലസത. വാഹനം മാറ്റിവാങ്ങും.

- ഗോപകുമാർ ശർമ്മ